**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 118 — 21.3.2013 ൽ മറുപടിയ്ക്ക്

## നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി ബൽറാം :<br>ശ്രീ. വി.ഡി സതീശൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. സി.പി.മുഹമ്മദ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന തടയുന്നതിന് കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ; | എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന തടയുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് നിലവിൽ ബി.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് 1 രൂപ നിരക്കിൽ 25 കി.ഗ്രാം അരിയും 2.00 രൂപ നിരക്കിൽ 5 കി.ഗ്രാം ഗോതമ്പും നൽകുന്നുണ്ട്. എ.എ.വൈ കാർഡുടമകൾക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ 35 കിലോ അരിയും വിതരണം ചെയ്തു വരുന്നു. കൂടാതെ എ.പി.എൽ വിഭാഗത്തിൽപ്പെട്ട സബ്സിഡി അനുവദിക്കപ്പെട്ട കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും 2 കി.ഗ്രാം ഗോതമ്പും വിതരണം ചെയ്യുകയും എ.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 10 കി.ഗ്രാം അരിയും 6.70 രൂപ നിരക്കിൽ 3 കി.ഗ്രാം ഗോതമ്പും ലഭിക്കുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി ലഭിക്കുന്നു. ഒ.എം.എസ്.എസ് നിരക്കിൽ കേന്ദ്രം അനുവദിച്ചിട്ടുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്നതും സംസ്ഥാനത്തെ വിലക്കയറ്റം തടയാൻ വളരെയേറെ സഹായകമാകുന്നു. കൂടാതെ പ്രത്യേക വിഹിതമായി ബി.പി.എൽ വിഭാഗത്തിന് വിതരണത്തിനായി 132725 മെ. ടൺ അരിയും 54211 മെ. ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി.എൽ കാർഡുകാർക്ക് 25 കി. ഗ്രാം അരി 1 രൂപ നിരക്കിലും 5 കി.ഗ്രാം ഗോതമ്പ് 2 രൂപ നിരക്കിലും വിതരണം ചെയ്യുന്നതിനു പുറമെ 5 കി.ഗ്രാം അരി 6.20 രൂപയ്ക്കും 2 കി.ഗ്രാം ഗോതമ്പ് 4.70 രൂപയ്ക്കും വിതരണം ചെയ്യുകയും ചെയ്യുന്നു. 2009 ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതും |

എന്നാൽ ബി.പി.എൽ കാർഡ് ലഭിക്കാത്തതുമായ 11.80 ലക്ഷം കുടുംബങ്ങൾക്ക് നിലവിൽ ലഭിക്കുന്ന വിഹിതത്തിന് പുറമെ 19 കി.ഗ്രാം അരി 6.20 രൂപ നിരക്കിലും 6 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും വിതരണം ചെയ്യുന്നുണ്ട്.

വിപണിയിലുണ്ടാകുന്ന നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധന നിയന്ത്രിക്കുന്നതിനായി സപ്ലൈകോ നടത്തി വരുന്ന വിപണിയിടപെടൽ പദ്ധതി ഇപ്പോഴും കാര്യക്ഷമമായി തുടർന്ന് വരുന്നുണ്ട്. അരിവില നിയന്ത്രിക്കുന്നതിന്വേണ്ടി "അരിക്കട" എന്ന പദ്ധതി പ്രകാരം മട്ട, കുറുവ, ജയ, പച്ചരി എന്നിവ യഥാക്രമം 16 രൂപ, 19 രൂപ, 21 രൂപ, 16 രൂപ എന്നീ ക്രമത്തിൽ പ്രതിമാസം കാർഡ് ഒന്നിന് 20 കി.ഗ്രാം വരെ പൊതുജനങ്ങൾക്ക് സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ 13 ഇനം അവശ്യസാധനങ്ങൾ പൊതുവിപണിയേക്കാൾ ഏകദേശം 50% വരെ വിലകുറവിൽ ലഭ്യമാക്കുന്നുണ്ട്. ഇതിന് പുറമെ മറ്റ് അവശ്യസാധനങ്ങളും എഫ്.എം.സി.ജി ഉൽപ്പന്നങ്ങളും വിപണി വിലയേക്കാൾ ഏകദേശം 10 മുതൽ 40 % വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്നു.

ബി) നിത്യോപയോഗ സാധനങ്ങളുടെ ശരിയായ വിതരണം ഉറപ്പു വരുത്തുന്നതിന് നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

ബി) നിത്യോപയോഗ സാധനങ്ങളുടെ ശരിയായ വിതരണം സാധ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി താലൂക്ക് സപ്ലൈ ആഫീസറുടെയും റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും നേതൃത്വത്തിൽ താലൂക്ക് തലത്തിലും ജില്ലാ സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും പരിശോധനകൾ നടത്തുന്നുണ്ട്. ഇതു കൂടാതെ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഫ്ളൈയിംഗ് സ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. കൂടാതെ ജില്ലാ/ താലൂക്ക്/ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഭക്ഷ്യോപദേശകസമിതികൾ കൂടി പൊതുവിതരണം കാര്യക്ഷമമായും, സുതാര്യമായും പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നുണ്ട്. ഓരോ മാസവും അനുവദിക്കുന്ന റേഷൻ സാധനങ്ങളുടെ വിവരങ്ങൾ പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും ഇതു സംബന്ധിച്ച പരാതികൾ 1800-425- 1550 എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെട്ട ജില്ലാ/ താലൂക്ക് സപ്ലൈ ആഫീസുകളിലോ സിവിൽ സപ്ലൈസ് കമ്മീഷണറുടെ ഓഫീസിലോ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഭക്ഷ്യ വസ്തുക്കളുടെ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് മുതലായവ തടയുന്നതിന് സംസ്ഥാനത്തെ റേഷൻ മൊത്ത/ ചില്ലറ വ്യാപാര ഡിപ്പോകളിലെ പരിശോധന ഊർജ്ജിതമാക്കുവാൻ ഡെപ്യൂട്ടി റേഷ നിംഗ് കൺട്രോളർ, റേഷനിംഗ് ഇൻസ്പെ ക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. അവശ്യ സാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ച യിച്ച് നടപ്പാക്കി വരുകയും ചെയ്തു വരുന്നു. വിൽപ്പന കേന്ദ്രങ്ങളിൽ വിലയും സ്റ്റോക്കും പ്രദർശിപ്പിക്കുന്നത് നിർബന്ധ മാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്ന വർക്കെതിരെ അറസ്റ്റ്/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു. |
| സി) | ഏതെല്ലാം കാര്യങ്ങളാണ് നിരീ ക്ഷണത്തിന് വിധേയമാക്കുന്നതെന്ന് വിശദമാക്കുമോ : | സി) | നിത്യോപയോഗസാധനങ്ങളുടെ സംഭരണം. വിട്ടെടുപ്പ്, വിതരണം തുടങ്ങിയവയെല്ലാം നിരീക്ഷണവിധേയമാണ്. |
| ഡി) | പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടു ള്ളത് ? | ഡി) | മേൽപ്പറഞ്ഞ സംവിധാനങ്ങൾ താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ആഫീസറും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ആഫീ സറും സംസ്ഥാന തലത്തിൽ സിവിൽ സപ്ലൈസ് കമ്മീഷണറും വിലയിരുത്തുക യും ആവശ്യമായ നടപടികൾ കൈ ക്കൊള്ളുകയും ചെയ്യുന്നു. |

Beenau

സെക്ഷൻ ഓഫീസർ